"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14 ൽ റീസർവ്വെ നമ്പർ 113/44 പാർട്ടിൽ ഉൾപ്പെട്ട 0.43 ആർ., റീസർവ്വെ നമ്പർ 113/65 പാർട്ടിൽ ഉൾപ്പെട്ട 1.07 ആർ എന്നിങ്ങനെ ആകെ 01.50 ആർ വസ്തു നിലവിലെ താമസക്കാരനായ ശ്രീ. കബീർ, ശ്രീമതി. താജുന്നിസ എന്നിവർയ്ക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.51/2026/RD തീയതി,തിരുവനന്തപുരം, 05-02-2026

---

പരാമർശം:-

1. 30/11/09 ലെ സ.ഉ (എം.എസ്) നം.491/09/റവ നമ്പർ ഉത്തരവ്
2. ജില്ലാ കളക്ടറുടെ 10.07.2025.ലെ DCTVM/6707/2025-B3 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 19.12.2025 ലെ എൽ. ആർ/ 7591/2025-എൽ. ആർ. (ജെ.6) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഭൂമി അനുവദിച്ചു കൊണ്ട്പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14 ൽ റീസർവ്വെ നമ്പർ 113/44 പാർട്ടിൽ ഉൾപ്പെട്ട 0.43 ആർ, റീസർവ്വെ നമ്പർ 113/65 പാർട്ടിൽ ഉൾപ്പെട്ട 1.07 ആർ എന്നിങ്ങനെ ആകെ 01.50 ആർ ഭൂമി പ്രസ്തുത ഉത്തരവ് പ്രകാരം പതിച്ചു നൽകിയത് ശ്രീ.മൗലാക്കണ്ണ് എന്നയാൾക്കായിരുന്നു. എന്നാൽ പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് മുമ്പ് കരാർ പത്രം മുഖേന ശ്രീ മൗലാക്കണ്ണും ഭാര്യ ഉമ്മഹാനിയും കൂടി ടി. സ്ഥലം താജുന്നിസയ്ക്ക് വേണ്ടി (അന്ന് മൈനർ ആയിരുന്നതിനാൽ) പിതാവായ ശ്രീ മാഹീൻ കണ്ണിന് 23.02.2007 ൽ കരാർപത്രം മുഖേന കൈമാറി. അന്ന് മൈനറായിരുന്നത ശ്രീമതി താജുന്നിസയും ശ്രീ. കബീറുമാണ് പതിവിനാധാരമായ സ്ഥലത്ത് നിലവിൽ താമസിക്കുന്നത്.

2. പ്രസ്തുത ഭൂമിയിൽ 1998 മുതൽ വീട് വച്ച് താമസിച്ച് വരുന്നു എന്നും അപേക്ഷകർക്ക് ടി ഭൂമി അല്ലാതെ വേറെ ഭൂമി ഇല്ലെന്നും, പ്രസ്തുത സ്ഥലം സമുദ്രതീരത്തുനിന്നും 300 മീറ്റർ അകലെയാണെന്നും ടിയാളുകളുടെ തൊഴിൽ മത്സ്യബന്ധനവും വാർഷിക വരുമാനം 42,000/- രൂപയാണെന്നും ടി സർക്കാർ ഉത്തരവിൽ റീസർവ്വെ നമ്പർ 113/44 പാർട്ടിൽ 0.65 ആർ (ക്രമനമ്പർ 403), റീസർവ്വെ നമ്പർ 113/65 പാർട്ടിൽ 1.85 ആർ (ക്രമനമ്പർ 424) എന്നിങ്ങനെ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് എങ്കിലും നിലവിലെ കൈവശപ്രകാരം റീസർവ്വെ നമ്പർ 113/44 പാർട്ടിൽ ഉൾപ്പെട്ട 0.43 ആർ, റീസർവ്വെ നമ്പർ 113/65 പാർട്ടിൽ ഉൾപ്പെട്ട 1.07 ആർ എന്നിങ്ങനെ ആകെ 01.50 ആർ മാത്രമേ ഉള്ളൂ എന്നതിന്റെ അടിസ്ഥാനത്തിലാണ് പതിവ് റിക്കാർഡുകളും, സ്കെച്ചും തയ്യാറാക്കിയിരിക്കുന്നത് എന്ന് കാണുന്നു എന്നും അപേക്ഷക്കാസ്പദമായ ഭൂമി അപേക്ഷകർക്ക് പതിച്ച് കൊടുക്കുന്നതിൽ ആക്ഷേപം അറിയുന്നതിനായി 7(1) നോട്ടീസ് പരസ്യപ്പെടുത്തിയതിൽ നാളിതു

വരെ ആക്ഷേപങ്ങൾ ഒന്നും ലഭിച്ചിട്ടില്ല എന്നും കൂടാതെ പതിച്ച് നൽകാൻ മാറ്റവച്ച ഭൂമി ആയതിനാൽ മറ്റു വകുപ്പുകളുടെ NOC ആവശ്യമുള്ളതായി കാണുന്നില്ല എന്നും ആയതിനാൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14 ൽ റീസർവ്വെ നമ്പർ 113/44 പാർട്ടിൽ ഉൾപ്പെട്ട 0.43 ആർ. റീസർവ്വെ നമ്പർ 113/65 പാർട്ടിൽ ഉൾപ്പെട്ട 1.07 ആർ എന്നിങ്ങനെ ആകെ 01.50 ആർ വസ്തു നിലവിലെ കൈവശക്കാരായ ശ്രീ കബീർ, ശ്രീമതി. താജുന്നിസ, ആലുനിന്നവിളവീട്, വിഴിഞ്ഞം എന്നിവർ പേരിൽ പതിച്ചു നൽകുന്നതിനു സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നുമാണ് പരാമർശം (2&3) പ്രകാരം ജില്ലാ കളക്ടറും ലാൻറ് റവന്യൂ കമ്മീഷണറും ആവശ്യപ്പെട്ടിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാമർശം (1) പ്രകാരം ശ്രീ.മൗലാക്കണ്ണ് എന്നയാൾക്ക് അനുവദിച്ചുത്തരവായിട്ടും പട്ടയം ലഭിക്കുന്നതിന് മുമ്പ് കരാർ പത്രം മുഖേന കൈമാറി ലഭിച്ചിട്ടുള്ളതുമായ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14 ൽ റീസർവ്വെ നമ്പർ 113/44 പാർട്ടിൽ ഉൾപ്പെട്ട 0.43 ആർ. റീസർവ്വെ നമ്പർ 113/65 പാർട്ടിൽ ഉൾപ്പെട്ട 1.07 ആർ എന്നിങ്ങനെ ആകെ 01.50 ആർ ഭൂമി നിലവിലെ താമസക്കാരായ ശ്രീ. കബീർ, ശ്രീമതി. താജുന്നിസ, ആലുനിന്നവിളവീട്, വിഴിഞ്ഞം എന്നിവരുടെ പേരിൽ പട്ടയം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,
ജില്ലാ കലക്ടർ, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
ശ്രീ.കബീർ, ശ്രീമതി. താജുന്നിസ, ആലുനിന്നവിളവീട്, വിഴിഞ്ഞം, തിരുവനന്തപുരം
വിവര-പൊതു ജനസമ്പർക്ക(വെബ്& ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 05-02-2026 15:43:39

പകർപ്പ്- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി. എ.ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ.ക്ക്